**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ വിദ്യാഭ്യാസ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്ര വർഗങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക, സാമൂഹിക ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (എ) | പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക, സാമൂഹിക ശാക്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഗോത്ര വിഭാഗങ്ങളിൽപ്പെട്ടവരുടെയും പട്ടികജാതികളിലെ ദുർബല വിഭാഗക്കാരുടെയും ഉന്നമനത്തിന് പ്രത്യേകം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക, സാമൂഹിക ശാക്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കരിയർ ഗൈഡൻസിനും മത്സര പരീക്ഷകൾക്കുമുള്ള കോച്ചിംഗിനും പ്രത്യേക സൗകര്യം ഏർപ്പെടുത്തി ഇവരെ ആധുനിക തൊഴിൽ മേഖലയിലേക്കെത്തിക്കുന്നതിന് വേണ്ടി ആരംഭിച്ച വിജ്ഞാൻ വാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. വിജ്ഞാൻവാടികൾ സ്ഥിതി ചെയ്യുന്ന സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയും വിജ്ഞാനപ്രദമായ വായനയ്ക്ക് പുസ്തകശേഖരം, പത്രമാസികകൾ എന്നിവയും ലഭ്യമാണ്. നിലവിൽ 210 സ്ഥലങ്ങളിൽ വിജ്ഞാൻവാടികൾ പ്രവർത്തിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരിയർ ഗൈഡൻസിനും മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗിനും പ്രത്യേക സൗകര്യം ഏർപ്പെടുത്തുന്നതിന്റെയും വെർച്വൽ ലേർണിംഗ് സെന്ററുകളായി വിജ്ഞാൻവാടികളെ മാറ്റുന്നതിന്റെയും ഭാഗമായി, ഡിജിറ്റൽ പഠന സൗകര്യമൊരുക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 14 ജില്ലകളിലും ഓരോ വിജ്ഞാൻവാടികളെ വീതം തെരഞ്ഞെടുക്കുകയും 2022 മാർച്ച് മാസം ഡിജിറ്റൽ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വിദ്യാഭ്യാസ_പദ്ധതികൾ

1. പ്രീ-മെട്രിക്ക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി
2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി.
3.മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
4.ഇതര സംസ്ഥാന പഠനം
5.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി.
6.സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം
8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.
9. ലാപ്ടോപ്പ് വിതരണം
10. പഠന മുറി പദ്ധതി
11. ഗോത്രബന്ധു പദ്ധതി
12. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി
13. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം
14.വിങ്ങ്സ്-വൈമാനിക പരിശീലന പരിപാടി
15. നൈപുണ്യ വികസന പരിശീലന പരിപാടികൾ
16. വിജ്ഞാൻവാടികൾ

## സാമൂഹിക, സാമ്പത്തിക, ആരോഗ്യ സുരക്ഷ പദ്ധതി:

1. ഏകവരുമാനദായകൻ മരണമടഞ്ഞത് മൂലം ധനസഹായം അനുവദിക്കുന്ന പദ്ധതി.
2. ചികിത്സാ ധനസഹായം
3. സ്വയം തൊഴിൽ പദ്ധതി.
4.വിദേശ തൊഴിൽ ധനസഹായ പദ്ധതി.
5.ഭവന പൂർത്തീകരണ പദ്ധതി.
6.ഭൂമി വാങ്ങൽ ധനസഹായം/ഭൂരഹിത പുനരധിവാസ പദ്ധതി.
7. അംബേദ്ക്കർ ഗ്രാമ പദ്ധതി.
8. ദുർബല വിഭാഗ പുനരധിവാസ പദ്ധതികൾ
9. വിവാഹ ധന സഹായ പദ്ധതി
10.മിശ്ര വിവാഹ ധനസഹായ പദ്ധതി.
11. പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കുള്ള ധനസഹായം.
12. ഉൽപ്പന്ന വിപണന പ്രദർശന മേള

**സെക്ഷൻ ഓഫീസർ**